മീനച്ചിൽ താലൂക്ക് കോ-ഓപ്പറേറ്റീവ് എംപ്ലോയീസ്
കോ-ഓപ്പറേറ്റീവ് സൊസൈറ്റി Ltd. No. K. 665, പാലാ പി.ഒ.
Ph : 04822 - 201530 9447021322
" 213229 9447147735

97

# ആഡിറ്റോറിയം A/C or Non A/C - വ്യവസ്ഥകൾ

1. പാലാ കുരിശുപള്ളി ജംഗ്ഷനിൽ ഈ സഹകരണ സംഘത്തിന്റെ ഉടമസ്ഥതയിലുള്ള ആഡിറ്റോറിയം A/C ആയോ Non A/C ആയോ ഏതൊരു വ്യക്തിക്കും / സ്ഥാപനത്തിനും / സംഘടനയ്ക്കും ദിവസ വാടകയ്ക്ക് നൽകുന്നതാണ്.
2. ആഡിറ്റോറിയത്തിന്റെ സ്റ്റേജിൽ 17 എക്സിക്യൂട്ടീവ് മോഡൽ കസേരകളും പ്രസംഗപീഠവും ഡയസും ഹാളിൽ 150 പേർക്കിരിക്കാവുന്ന പ്ലാസ്റ്റിക് കസേരകളും ഉണ്ടായിരിക്കുന്നതാണ്.
3. മൈക്ക് സെറ്റും ആഡിറ്റോറിയത്തിനുള്ളിൽ പ്രവർത്തിക്കുന്ന രണ്ട് ബോക്സുകളും ഉണ്ടായിരിക്കുന്നതാണ്.
4. ടോയ്‌ലറ്റ്, വാഷ്ബേസിൻ സൗകര്യങ്ങൾ ഉള്ളിൽത്തന്നെ ഉണ്ടായിരിക്കുന്നതാണ്.
5. ആഡിറ്റോറിയത്തിന്റെ വാടക നിരക്ക് താഴെ ചേർത്തിരിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

| Section | Time | A/C | Non A/C |
|---|---|---|---|
| Full day | 9 a.m. to 6 p.m. | Rs. 2000 | Rs. 1400 |
| Half day | 9 a.m to 1 p.m. or 2 p.m. to 6 p.m. | Rs. 1250 | Rs. 800 |
| Night | 6.30 p.m. to 10.30 p.m. | Rs. 1500 | Rs. 1000 |
| Day & Night | 9 a.m. to 10.30 p.m. | Rs. 3000 | Rs. 2000 |
| രാത്രി 10.30നുശേഷം ഓരോ മണിക്കൂറിനും | | Rs. 300 | Rs. 200 |

6. കറന്റ് സപ്ലൈ ഇല്ലാതെ വരുന്നപക്ഷം A/C പ്രവർത്തിക്കുന്നതല്ല. എന്നാൽ ജനറേറ്റർ മുഖാന്തിരം ഫാനുകളും ലൈറ്റുകളും പ്രവർത്തിക്കുന്നതായിരിക്കും.
7. ഏതെങ്കിലും കാരണവശാൽ വാടകയ്ക്കെടുത്തിരിക്കുന്ന സമയത്തിന്റെ പകുതിയിൽ കൂടുതൽ സമയം തുടർച്ചയായി A/C പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നാൽ Non A/C യുടെ ചാർജ് മാത്രം ഈടാക്കുന്നതാണ്.
8. താഴെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾക്കും, സംഘടനകൾക്കും മറ്റും എതിരെ ചേർത്തിരിക്കുന്ന പ്രകാരം വാടക നിരക്കിൽ ഇളവ് ഉണ്ടായിരിക്കുന്നതാണ്.

   എ) മറ്റ് സഹകരണ ബാങ്കുകൾ / സഹകരണ സംഘങ്ങൾ / സഹകരണ സംഘം ജീവനക്കാരുടെ അംഗീകൃത സംഘടനകൾ - 20%

   ബി) മീനച്ചിൽ സർക്കിൾ സഹകരണ യൂണിയൻ - 50%

9. ഒരു വർഷം 24 ൽ കുറയാത്ത ബുക്കിംഗ് ഉള്ളവർക്ക് വാടക നിരക്കിൽ 10% ഇളവ് അനുവദിക്കുന്നതാണ്. ഇങ്ങിനെ ഇളവ് അനുവദിക്കുമ്പോൾ ആദ്യ 12 ബുക്കിംഗിന് യഥാർത്ഥ വാടകയുടെ 5% നിരക്കിലും തുടർന്നുള്ള 12 തവണകൾക്ക് യഥാർത്ഥ വാടകയുടെ 15% നിരക്കിലും ഇളവ് കണക്കാക്കി ആവറേജ് 10% ഇളവ് അനുവദിക്കുന്നതാണ്.
10. ആഡിറ്റോറിയം ബുക്ക് ചെയ്യുന്നതിനോടൊപ്പം വാടകയും സെക്യൂരിറ്റി നിക്ഷേപമായി 1000 രൂപയും മുൻകൂറായി അടയ്ക്കേണ്ടതാണ്. ആഡിറ്റോറിയം ഉപയോഗം സംബന്ധമായി കഷ്ടനഷ്ടങ്ങൾ ഒന്നും ഉണ്ടാകാത്തപക്ഷം സെക്യൂരിറ്റി തുക (Rs. 1000) തിരികെ നൽകുന്നതാണ്.
11. ആഡിറ്റോറിയത്തിനകത്ത് ഭക്ഷണ പദാർത്ഥങ്ങളോ മദ്യമോ മറ്റു ലഹരി പദാർത്ഥങ്ങളോ ഉപയോഗിക്കുവാൻ പാടുള്ളതല്ല. എന്നാൽ ചായ / കാപ്പി, സ്നാക്സ് മുതലായവ ഉപയോഗിക്കാവുന്നതാണ്.
12. ഭക്ഷണം കൂടി നൽകേണ്ട പരിപാടിയാണെങ്കിൽ ടി ആഡിറ്റോറിയത്തിനു മുകളിലുള്ള ഷീറ്റിട്ട ഹാൾ അനുവദിക്കുന്നതാണ്. ആയതിലേയ്ക്കായി 500 രൂപ കൂടുതൽ വാടകയായി അടയ്ക്കേണ്ടതാണ്. മദ്യമോ മറ്റു ലഹരി പദാർത്ഥങ്ങളോ അനുവദിക്കുന്നതല്ല.
13. ആഡിറ്റോറിയം ബുക്ക് ചെയ്യുന്നവർ നിശ്ചിത സമയപരിധിക്കുള്ളിൽത്തന്നെ ആഡിറ്റോറിയം ഒഴിഞ്ഞുനൽകേണ്ടതാണ്.
14. ബുക്കിംഗ് നടത്തിയശേഷം പ്രോഗ്രാം ക്യാൻസലാകുന്നപക്ഷം വാടകത്തുകയുടെ 25% തുക ഈടാക്കുന്നതാണ്.
15. സംഘാടകർ, ആഡിറ്റോറിയം ഉപയോഗിക്കുന്ന ആൾക്കാർ ടോയ്‌ലറ്റ്, ആഡിറ്റോറിയത്തിനുൾവശം, പരിസരം എന്നിവ വൃത്തിയായും കേടുപാടുകൾ കൂടാതെയും സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

മേൽപറഞ്ഞിരിക്കുന്ന വ്യവസ്ഥകൾക്കുവിധേയമായി കോ- ഓപ്പറേറ്റീവ് എംപ്ലോയീസ് സൊസൈറ്റി ആഡിറ്റോറിയം ..................................- ാം തീയതി..............................മണി മുതൽ.......................................മണി വരെയുള്ള സമയത്തേയ്ക്ക് A/C / Non A/C ആയി ................................................ രൂപ വാടകനിരക്കിൽ അനുവദിച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

ഒപ്പ്

പാലാ,
തീയതി :

പേരും അഡ്രസ്സും
ഫോൺ നമ്പരും